**കോളേജ് വിദ്യാഭ്യാസ വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ക്രമം.**

കോളേജ് വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - ജൂനിയർ സൂപ്രണ്ടുമാരുടെ സ്ഥലം മാറ്റം / സ്ഥാനക്കയറ്റം - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

ഉത്തരവ് നം: സി2/17124/2016/കോ.വി.വ തീയതി : 24.09.2016

---

പരാമർശം :- 1) 08.09.2016 തീയതിയിലെ സി1/474/2016/കോ.വി.വ നമ്പർ ഉത്തരവ്

**ഉത്തരവ്**

കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ ജൂനിയർ സൂപ്രണ്ടായി സേവനമനുഷ്ഠിക്കുന്ന ശ്രീ.വി.അജിത്കുമാറിനെ പരാമർശത്തിലെ ഉത്തരവ് പ്രകാരം സീനിയർ സൂപ്രണ്ടായി സ്ഥാനക്കയറ്റം നൽകി കാര്യവട്ടം ഗവണ്മെന്റ് കോളേജിലേയ്ക്കു സ്ഥലം മാറ്റി നിയമിച്ചിട്ടുണ്ട്. ഇപ്രകാരം കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ നിലവിൽ വന്ന ഒഴിവിലേയ്ക്കു കോട്ടയം ഗവണ്മെന്റ് കോളേജിലെ ജൂനിയർ സൂപ്രണ്ട് ശ്രീമതി.ആഷാ സാബുവിനെ സ്ഥലം മാറ്റി നിയമിച്ച് ഉത്തരവാകുന്നു.

മേൽ സൂചിപ്പിച്ച പ്രകാരം, ജൂനിയർ സൂപ്രണ്ട് തസ്തികയിൽ ഒഴിവ് നിലവിൽ വന്ന സാഹചര്യത്തിൽ ഹെഡ് അക്കൌണ്ടന്റുമാരുടെ മുൻഗണനാ ക്രമമനുസരിച്ച് ഉദുമ ഗവണ്മെന്റ് ആർട്സ് & സയൻസ് കോളേജിലെ ഹെഡ് അക്കൌണ്ടന്റ് ശ്രീ.കെ.എസ്.ദിനേഷയെ 30700-65400/-രൂപ ശമ്പള സ്കെയിലിൽ ജൂനിയർ സൂപ്രണ്ടായി സ്ഥാനക്കയറ്റം നൽകി കോട്ടയം ഗവണ്മെന്റ് കോളേജിൽ നിയമിച്ചും ഉത്തരവാകുന്നു.

സ്ഥലം മാറ്റം / സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാർ ഈ ഉത്തരവ് പ്രകാരം നിയമനം ലഭിച്ച സ്ഥാപനത്തിൽ ജോലിയിൽ പ്രവേശിക്കേണ്ടതും സ്ഥാപന മേധാവികൾ പ്രസ്തുത വിവരം ഈ ഓഫീസിൽ അറിയിക്കേണ്ടതുമാണ്.

ഒപ്പ്/-
കൃഷ്ണകുമാർ.റ്റി.വി
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

പകർപ്പ്:-

1. ശ്രീമതി.ആഷാ സാബു, ജൂനിയർ സൂപ്രണ്ട്, ഗവണ്മെന്റ് കോളേജ്, കോട്ടയം
2. ശ്രീ.കെ.എസ്.ദിനേഷ, ഹെഡ് അക്കൌണ്ടന്റ്, ഗവണ്മെന്റ് ആർട്സ് & സയൻസ് കോളേജ്, ഉദുമ
3. പ്രിൻസിപ്പാൾ, ഗവണ്മെന്റ് കോളേജ്, കോട്ടയം / ഉദുമ
4. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

/അംഗീകാരത്തോടെ/

സൂപ്രണ്ട്

പി.ജി : 24.09.2016

05662